# ജാലകം

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

എം മോഹൻദാസ് (പ്രിൻസിപ്പൽ)

## സ്റ്റാഫ് എഡിറ്റർ

മുഹമ്മദ് റാഫി (എസ് ഐ ടീ സി)

## സ്റ്റുഡന്റ് എഡിറ്റർ

ആയിഷ മിൻഹ

## അംഗങ്ങൾ

മാജിദ

ജൂംന

ഹിബ

# ആമുഖം...

വർണ്ണങ്ങൾ നിറഞ്ഞ വിദ്യാലയ ജീവിത ഭാവനകൾ എന്നും ഓർമ്മിക്കാൻ നമുക്ക് ഇവിടെ രേഖപ്പെടുത്താം. ഭാവനയുടെ ഈ ജാലകത്തിലൂടെ ഞങ്ങളുടെ രചനകൾ പട്ടങ്ങളായി പറത്തിവിടുന്നു. എന്നും ഓർമ്മയിൽ സൂക്ഷിക്കാൻ ഈ ചെറിയ ജാലകം ഞങ്ങൾ തുറന്നിടുന്നു .

ലിറ്റിൽ കൈറ്റ്സ്

ഗേൾസ് എച്ച് എസ് എസ്

വളാഞ്ചേരി.

# ഉള്ളടക്കം

വേനൽ ....................................................................................5

അണ്ണാനും തത്തയും.......................................................................7

അത്യാഗ്രഹിയായ രാജാവ്.............................................................8

മാന്ത്രിക മോതിരം.......................................................................10

ഓർമ്മകൾ......................................................................................11

നക്ഷത്രവും പൂവും........................................................................12

ക്വിസ്സ്...........................................................................................13

ആധുനിക ലോകം.........................................................................14

തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം.........................................15

കേരളത്തിലെ വെള്ളപ്പൊക്കം.......................................................16

എന്റെ സ്കൂൾ.................................................................................18

# വേനൽ

സുഹൈറാ ജാസ്മിൻ .9 A

ഇതെന്തൊരു വെയിലാണ്
ഒരു തുള്ളി ജലത്തിനായ് ഞാൻ
ആരോട് യാജിക്കണം
ആരുടെ കാൽ പിടിക്കണം ഞാൻ
ഒരു കുടം വെള്ളത്തിനായി
ആരേ ഞാൻ പ്രാർത്തിക്കണം

കാർമേഘങ്ങളെ കാണാൻ
വെട്ടി തീർത്ത കാടുകളെ മാപ്പ്
യന്ത്ര കൈകൾക്കിരയായ
സസ്യങ്ങളെ മാപ്പ്



നിങ്ങളെ ഞങ്ങൾ വെട്ടരുതായിരുന്നു
നിങ്ങളെ ഞങ്ങൾ കൊല്ലരുകായിരുന്നു
പാടം നികത്തി ഞങ്ങൾ പണിത
വലിയ വലിയ കെട്ടിടങ്ങൾക്കും
പുക തുപ്പുന്ന ഫാക്ടറികൾക്കും പകരം
പച്ച നിറഞ്ഞ വയലുകളും
സസ്യങ്ങളുടെ ആ ശോഭയും മതി-
എന്ന് ഈ കൊടും വേനലിൽ

ഞങ്ങൾ തിരിച്ചറിയുന്നു

# അണ്ണാനും തത്തയും

മാജിദ. സി 9.A

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു തത്തമ്മ ഉണ്ടായിരുന്നു. ഒരു ദിവസം തീറ്റതേടി പോയതത്ത തിരിച്ച വന്നപ്പോൾ തന്റെ കൂട്ടിൽ ഒരു അണ്ണാൻ കയറി താമസമാക്കിയിരിക്കുന്നു. തത്ത പറഞ്ഞു, ഇതെന്റെ കൂടാണ്. പക്ഷേ അണ്ണാൻ മാറാൻ ഒരുക്കമായിരുന്നില്ല. അങ്ങനെ തത്ത മറ്റൊരു കൂട് കൂട്ടാൻ തുടങ്ങി. അപ്പോഴാണ് കൂട്ടുകാർ വരുന്നത്.കാട്ടിൽ കാട്ടു തീ പടർന്നിരിക്കുന്നു. തത്ത ഉടൻ തന്നെ രക്ഷപ്പെടാൻ ഒരുങ്ങി. അപ്പോഴാണ് അവൾ ഒരു നിലവിളി കേട്ടത്. അണ്ണാൻ തീയിൽ പെട്ടിരിക്കുന്നു. ഉടൻ തന്നെ തത്ത അണ്ണാനെ തന്റെ കാലിൽ ളക്കി രക്ഷപ്പെടുത്തി. അണ്ണാൻ തന്റെ തെറ്റിന് മാപ്പുചോദിച്ചു. അങ്ങനെ അവർ ഉറ്റ സുഹൃത്തുക്കളായി മാറി.



# അത്യാഗ്രഹിയായ രാജാവ്

ജൂംന തൻസി .പി 9.B

ഒരു രാജ്യത്ത് വളരെ അത്യാഗ്രഹിയും അഹങ്കാരിയുമായ ഒരു രാജാവുണ്ടായിരുന്നു. അയാൾ ജനങ്ങളുടെ കാര്യങ്ങളൊന്നുംനോക്കിയിരുന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം രാജാവ് തന്റെ പരിവാരങ്ങളെയും കൂട്ടി നാടു കാണാൻ തീരുമാനിച്ചു. ആ വിവരം രാജ്യത്തെ ജനങ്ങളെല്ലാവരും അറിഞ്ഞു. അവർ രാജാവിനെ ഒരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു. അങ്ങനെ രാജാവ് നാടുകാണാൻ പോകാനുള്ള ഒരുക്കം തുടങ്ങി. പാവം ജനങ്ങളുടെ മുന്നിൽ ആഭരണങ്ങൾ കാണിച്ച് രസിക്കാൻ വേണ്ടി രാജാവ് കൈ നിറയെ സ്വർണ്ണവളകളും,ഭാരവും ഭംഗിയുമുള്ള കിരീടവും, സ്വർണ്ണ നൂൽ കൊണ്ട് തുന്നിയ വസ്ത്രവും, എല്ലാം ധരിച്ച അവർ പുറപ്പെടാൻ ആരംഭിച്ചു. എങ്ങും ആരേയും അവർ കണ്ടില്ല.




അങ്ങനെ അവർ കുറച്ചു ദൂരം സഞ്ചരിച്ചപ്പോൾ ഒരു വലിയ ആൾക്കൂട്ടം കാണാൻ ഇടയായായി.രാജാവ് അവിടെ ച്ചെന്ന് ഒരാളോട് ചോദിച്ചു. അവിടെ എന്താണ് നടക്കുന്നതെന്ന്.അപ്പോൾ അയാൾ പറഞ്ഞു ഇവിടെ നന്മ പരിശോധിക്കുകയാണ്.ഒരാൾ ഈ തുലാസ്സിൽ കയറിയിരിക്കും. എന്നിട്ട് ഭാരം നോക്കും,ഏറ്റവും ഭാരം കൂടിയവൻ അത്യാഗ്രഹിയും അഹങ്കാരിയുമായി പരിഗണിക്കും.ഇത് കേട്ടരാജാവ് ചിരിച്ചു കൊണ്ട് പറഞ്ഞു, എനിക്ക് അതിൽ കയറേണ്ട ആവശ്യമില്ല. ഞാൻ തന്നെയായിരിക്കും ഈ രാജ്യത്തെ ഏറ്റവും നല്ലവൻ ഇത് കേട്ട ജനങ്ങൾ നിർബന്ധപൂർവ്വം രാജാവിനെ തുലാസ്സിൽ കയറ്റി.

രാജാവ് കയറിയതും അയാൾ അണിഞ്ഞിരുന്ന ആഭരണങ്ങളുടെ ഭാരം കാരണം ആ തുലാസ്സ് നിലം മുട്ടേ താഴ്ന്നു. ഇത് കണ്ട ജനങ്ങൾ രാജാവിനെ കളിയാക്കാൻ തുടങ്ങി. അങ്ങനെ അത്യാഗ്രഹിയും അഹങ്കാരിയുമായ രാജാവ് ഒരു പാഠം പഠിച്ചു.


# മാന്ത്രിക മോതിരം

മിസ്രിയ പി.ട്ടി 9.B

ഒരു ഗ്രാമത്തിൽ വളരെ നല്ലവനായ ഒരു കുട്ടിയുണ്ടായിരുന്നു. അവൻ വളരെ ബുദ്ധിശാലിയും,സൽസ്വഭാവിയും ആയിരുന്നു. ഒരു ദിവസം അവന്റെ വീട്ടിൽ ഭിക്ഷക്കാരൻ വന്നു. അയാൾ അവനോട് കുറച്ച് ഭക്ഷണം തരാൻ അപേക്ഷിച്ചു. അവൻ പെട്ടന്ന് തന്നെ ഭിക്ഷക്കാനുള്ള ഭക്ഷണവും, വെള്ളവും കൊടുത്തു. ഭിക്ഷക്കാരന് സന്തോഷമായി. ഭിക്ഷക്കാരൻ തന്റെ കീറിയ വസ്ത്രത്തിനുള്ളിൽ നിന്ന് ഒരു മോതിരമെടുത്ത് അവന് നീട്ടി. എന്നിട്ട് അയാൾ പറ ഞ്ഞു, നിനക്കെന്ത് ആവശ്യം വന്നാലും ഈ മോതിരത്തിൽ നോക്കി ആ ആവശ്യം പറഞ്ഞാൽ മതി. പിറ്റേ ദിവസം ഒരു ആന ആ കുട്ടിയുടെ വീട്ടിനു മുന്നിൽ എത്തി.എന്നിട്ട് അലറാൻതുടങ്ങി. കുട്ടി ശബ്ദം കേട്ട് പുറത്തേക്ക് വന്നു. അപ്പോൾ ആനയുടെ കാലിൽ കുട്ടി ഒരു വലിയ മുറിവ് കണ്ടു. ആ മോതിരത്തിന്റെ കാര്യം കുട്ടി ഓർത്തു. പെട്ടന്നുതന്നെ അവൻമോതിരം എടുത്ത് വന്നു. അവൻ ആ മോതിരത്തിലേക്ക് നോക്കി പറഞ്ഞു, പെട്ടന്ന് തന്നെ ഈ ആനയുടെ മുറിവ് മാറ്റി കൊടുക്കൂ... അവൻ നോക്കിയപ്പോൾ സുന്ദരിയായ ഒരു മാലാഖ വന്നുനിൽക്കുന്നതു കണ്ടു. എന്നിട്ട് അവനോട് മാലാഖ പറഞ്ഞു,നീ നല്ലവനായ ഒരു കുട്ടിയാണെന്ന് എനിക്ക് മനസ്സിലായി. ആനയായി വന്നതും ഭിക്ഷക്കാരനായി വന്നതും ഞാൻ തന്നെയാണ്.അവൻ അത്ഭുതപ്പെട്ടു. അവന് കൈനിറയെ സമ്മാനങ്ങൾ നൽകി സന്തോഷത്തോടെ മാലാഖ മടങ്ങി.

# ഓർമ്മകൾ

ഷഫീക്ക ഉസ്ന സി 9.B



കാലങ്ങൾ കൈവിട്ടു പോയ
ആ നാടിന്റെ ഓർമ്മകൾ
എന്നും മനസ്സിൽ വിങ്ങയ്-
എത്തി-
പാഠങ്ങൾ പടിച്ചുള്ള ആ നല്ല-
ഓർമ്മകൾ മനസ്സിന്റെ കോണിൽ-
വളർന്നു വന്നു.
എങ്ങു പോയ് നാടിന്റെ ആ
നല്ല നന്മകൾ
എങ്ങുപോയ് നാടിന്റെ നല്ല
സുഗന്ധം
ഓർമ്മകൾ മനുഷ്യനെ വേട്ടയാടുംമ്പോൾ
കാണുമീ പ്രപഞ്ചമെന്ന സത്യം
പ്രപഞ്ചത്തിൻ നന്മകൾ-
ക്കെന്തു സുഗന്ധം
ഓർമ്മകൾ മരിച്ചുപോയ്
മനുഷ്യനിൽ നിന്നും

# നക്ഷത്രവും പൂവും

ഷാമില കെ.എൻ 9.A

നക്ഷത്രമൊന്നിനെക്കാട്ടി- വാനം
മുക്കുറ്റിയോടു ചോദിച്ചു
ഉണ്ടോ ഒരെണ്ണമിവ്വണ്ണം- നിന
ക്കെന്നോടു മത്സരം കൂടാൻ
താണുപോയല്ലോ ശിരസ്സ്-ചെടി
യ്ക്കീറനായല്ലോമിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ-വേറെ
വല്ലായ്മയെന്തൊള്ള പാരിൽ
അന്നേരമുണ്ടാ ശിരസ്സിൽ-ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ
രത്നം പതിച്ചതുപോലെ-അതിന്
കാന്തിയെങ്ങും ചിതറുന്നു
കണ്ണഞ്ചുമാറായി വ്യോമം-മണ്ണിൽ
ഇത്രയുണ്ടാവുമോ ചന്തം



# ക്വിസ്സ്

1.ഇന്ത്യ നിർമ്മിച്ച ഏറ്റവും വലിയ യുദ്ധക്കപ്പൽ?

A.ഐ. എൻ.എസ് കൊച്ചി

2.ലോക യോഗാദിനമായി ആചരിക്കുന്നത്?

A.ജൂൺ 21

3.ഗംഗയെ മാലിന്യമുക്തമാക്കുന്നതിനുള്ള പുതിയ പദ്ധതി?

A.നമാമി ഗംഗാപദ്ധതി

4.രാജ്യത്തെ ആദ്യ വൈ ഫൈ നഗരസഭ?

A.മലപ്പുറം

5.സംസ്ഥാന സർക്കാറിന്റെ ഏറ്റവും ഉയർന്ന സാഹിത്യ പുരസ്കാരം?

A.എഴുത്തച്ഛൻ അവാർഡ്

6.ഇന്ത്യയുടെ ബഹിരാകാശ തുറമുഖം?

A.ശ്രീഹരിക്കോട്ട

7.ഏത് കളിയുമായി ബന്ധപ്പെട്ട താരമാണ് പെലെ?

A.ഫുട്ബോൾ

8.ക്രിക്കറ്റ് കളി രൂപം കൊണ്ടത് ഏത രാജ്യത്താണ്?

A. ഇംഗ്ലണ്ട്

9.പുൽവർഗത്തിൽ പെട്ട ഏറ്റവും വലിയ ചെടി?

A.മുള

10.കൃഷിക്ക് വേണ്ടിമാത്രമുള്ള ആദ്യ സർക്കാർ ചാനൽ?

A.ഡി.ഡി കിസാൻ

# ആധുനിക ലോകം...

നദ എം. പി 9.B

ആധുനിക ലോകം സാങ്കേതിക വിദ്യകളാൽ ചുറ്റപ്പെട്ടിരിക്കുന്നു.നമ്മുടെ വിരൽ തുംമ്പുകളിലാണ് ഇന്നത്തെ അറിവുകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ലോകത്തിന്റെ ഏതു കോണിലുമുള്ള വാർത്തകൾ നമുക്ക് നിമിഷങ്ങൾക്കകം ലഭിക്കുന്നു.... ആധുനിക ലോകത്തെ വളർത്തി എടുക്കുന്ന ശാസ്ത്രജ്ഞന്മാർ ഇന്ന് അനേകം പേർ ആയിരിക്കുന്നു. ആധുനിക ലോകം നല്ലതിനും, ദുഷിച്ചതിനും ഒരു പോലെ പ്രാധാന്യം ചെയ്യുന്നു.... കമ്പ്യൂട്ടറിലൂടെയും,ഫോണുകളിലൂടെയും വഴി ഇന്ന് എത്രയോ ദുരന്തങ്ങളും എത്രയോ നന്മകളും ഉണ്ടായി കൊണ്ടിരിക്കുന്നു.

# തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം



കേരളത്തിൽ 1924 ജൂലൈ,ഓഗസ്റ്റ് മാസങ്ങളിലായി നടന്ന ഭീകരമായ വെള്ളപ്പൊക്കമാണ് ഇത്. കൊല്ലവർഷം1099 ലാണ് ഇതുണ്ടായത്. ഇരുപതാം നൂറ്റാണ്ടിൽ കേരളം കണ്ട ഏറ്റവും വലിയ പ്രളയമായിരുന്ന ഇത്.1099 കർക്കിടക മാസം ഒന്നിനു തുടങ്ങി മൂന്നാഴ്ച്ചയോളം നീണ്ടു നിന്ന പേമാരിയിലും പ്രളയത്തിലും കേരളത്തിലെ താഴ്ന്ന ഭാഗങ്ങൾ മുഴുവൻ മുങ്ങി പോയി. മധ്യതിരുവിതാംകൂറിനെയും തെക്ക് മലബാറിനെയും ഇത് ബാധിച്ചു. സമുദ്രത്തിൽ നിന്ന് 6500 അടി ഉയരമുള്ള തേയിലത്തോട്ടങ്ങളിൽ വരെ ഇതുണ്ടായി. ഇതിൽ മരിച്ചവർ എത്രയെന്നു കണക്കില്ല. അങ്ങനെ ഒരു കണക്കെടുക്കാനുള്ള സംവിധാനം അന്നുണ്ടായിരുന്നില്ല. അന്നത്തെ പത്രവാർത്തകളും മറ്റ് രേഖകളും പ്രളയത്തിന്റെ ഏകദേശ ചിത്രം നമുക്ക് തരുന്നു. ഗതാഗതം മുടങ്ങി, പാലത്തിൽ വെള്ളം കയറി,തീവണ്ടികൾ നിർത്തി,തപാൽ സംവിധാനം നിലച്ചു. ഉയർന്ന പ്രദേശങ്ങളിൽ അഭയാർത്ഥികൾ നിറഞ്ഞു. വെള്ളത്തോടൊപ്പം പട്ടിണിയും ജനങ്ങളെ വലച്ചു. ഇതിനോളം വരില്ലെങ്കിലും 1939,1961,2018 എന്നീ വർഷങ്ങളിൽ കനത്ത വെള്ളപ്പൊക്കങ്ങൾ കേരളത്തിലുണ്ടായി

# കേരളത്തിലെ വെള്ളപ്പൊക്കം (2019)

2019 ഓഗസ്റ്റ് മാസം തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2019-ലെ കേരള വെള്ളപ്പൊക്കം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന്കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും,മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി.നൂറുകണക്കിന് ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേക്കും ദുരിതാശ്വാസ ക്യാമ്പുകളിലേക്കും മാറ്റി.അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. 2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായി വൻനാശനഷ്ടമുണ്ടായിരുന്നു.അതിൽ 450-ൽ അധികം ആളുകൾ മരിക്കുകയും ചെയ്തിരുന്നു.

## കാരണങ്ങൾ

നദികളിലെയും മറ്റ് ജലാശയങ്ങളിലെയും ജലനിരപ്പ് ഉയരുന്നതിനൊപ്പം തുടർച്ചയായ മഴയും കേരളത്തിന്റെ പല ഭാഗങ്ങളിലും വെള്ളപ്പൊക്കത്തിന് കാരണമായി.

## ആഘാതം

2019 ഓഗസ്റ്റ് 8 ലെ കണക്ക പ്രകാരം കേരളത്തിൽ അഞ്ചു ജില്ലകളിലുണ്ടായ വെള്ളപ്പൊക്കത്തിൽ 22 പേർ മരിച്ചു.കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിൽ 22165 ലധികം പേരെ നേരിട്ടു ബാധിച്ചു.1326 ദുരിതാശ്വാസ ക്യാമ്പിലേക്ക് 2.51 ലക്ഷം ആളുകളെ മാറ്റി. 2019 ഓഗസ്റ്റ് 9 ന് 09.00(IST) വരെ പ്രളയബാധിത കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം ഏർപ്പോട്ട് അധികൃതർ നിർത്തിവെച്ചു. 2019 ഓഗസ്റ്റ് 10 ലെ കണക്കപ്രകാരം 47 പേർ വെള്ളപ്പൊക്കത്തിൽ മരിച്ചു. രണ്ട് ദിവസത്തിനിടെ 80 പ്രദേശങ്ങളിൽ മണ്ണിടിച്ചിലുമുണ്ടായി അവരുടെ കീഴിൽ മണ്ണിനടിയിൽ പെട്ട നിരവധി പേരെ രക്ഷപ്പെടുത്തിയിരുന്നു. ദുരന്തത്തിൽ രക്ഷാപ്രവർത്തനങ്ങൾ ഇടപെടുന്നതിനാൽ ഇത് ഇപ്പോഴും ഒരു നിർണ്ണായക സാഹചര്യമാണ്. വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്,തൃശ്ശൂർ, എറണാകുളം ജില്ലകളിലാണ് പ്രളയക്കെടുതി സാരമായി ബാധിച്ചത്. 2019 ഓഗസ്റ്റ് 12 ലെ കണക്കനുസരിച്ച് കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ 91 പേർ മരിച്ചു.2019 ഓഗസ്റ്റേ 19 ലെ കണക്കനുസരിച്ച് വെള്ളപ്പൊക്കം മൂലം 121 പേർ മരിച്ചു. ഓഗസ്റ്റ് 8 നും 19 ഇടയിൽ 1,789 വീടുകൾ പൂർണമായും തകർന്നതായും ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം 14,542 ആണെന്നും കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കണക്കുകൾ വ്യക്തമാക്കുന്നു.

# എന്റെ സ്കൂൾ

ആയിഷ മിൻഹ എം. പി 9.A

ഞാൻ ആദ്യമായി സ്കൂളിലേക്ക് പോയത് എനിക്കിപ്പോഴും ഓർമവരുന്നു. എന്തെന്നാൽ അന്ന് എല്ലാ കുട്ടികളും കരയുന്നതു പോലെ ഞാനും കരഞ്ഞു, സ്കൂളിലേക്ക് പോയപ്പോൾ ടീച്ചർ എന്റെ കരച്ചിൽ നിർത്താൻ വേണ്ടി എനിക്ക് മിഠായി തന്നു.ഉമ്മ മെല്ലേ പുറത്തേക്ക്പോകുന്നത് കണ്ട ഞാൻ ടീച്ചർ തന്ന മിഠായി വലിച്ചെറിഞ്ഞ് ഉമ്മാന്റെ പിന്നാലെ ഓടി. ടീച്ചർ എന്റെ പിറകേ വന്നു. ഉമ്മ അവിടെ നിന്നു ഞാൻ ഉമ്മാനെ മുറുകെ പിടിച്ച് കരഞ്ഞു. അങ്ങനെ ടീച്ചർ എന്നെ ക്ലാസിലേക്ക് കൊണ്ടുപോയി.

ഇപ്പോൾ ഇതെല്ലാം ഓർക്കുമ്പോൾ എനിക്ക് എന്നോടു തന്നെ ലജ്ജതോന്നുന്നു.